# കേരള നിയമസഭ
# 02.07.2014-ലെ മറുപടിക്ക്

**പതിമൂന്നാം കേരള നിയമസഭ**
പതിനൊന്നാം സമ്മേളനം
2014 ജൂലൈ 02, ബുധൻ
നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ 296)

| മറുപടി നൽകുന്ന മന്ത്രിമാർ | | ചോദ്യനമ്പർ |
|---|---|---|
| ആരോഗ്യവും കുടുംബക്ഷേമയും ദേവസ്വവും വകുപ്പുമന്ത്രി | : | 5534 മുതൽ 5667 വരെ |
| ജലവിഭവ വകുപ്പുമന്ത്രി | : | 5668 മുതൽ 5737 വരെ |
| തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി | : | 5738 മുതൽ 5772 വരെ |
| പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി | : | 5773 മുതൽ 5829 വരെ |

<u>കോഡ് ബ്ലൂ സംവിധാനം</u>

5534 ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
,, ബെന്നി ബെഹനാൻ
,, ഡൊമിനിക് പ്രസന്റേഷൻ
,, ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആശുപത്രികളിൽ ജീവൻരക്ഷാ ചികിത്സ ഉറപ്പാക്കാൻ കോഡ് ബ്ലൂ സംവിധാനം ഏർപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ജീവൻരക്ഷാ ചികിത്സ ഉറപ്പാക്കാൻ എന്തെല്ലാം സൗകര്യങ്ങളാണ് സംവിധാനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) സംസ്ഥാനത്തെ ഏതെല്ലാം തരം ആശുപത്രികളിലാണ് ഈ സംവിധാനം ഏർപ്പെടുത്താനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) ഇതിനായി എന്തെല്ലാം അടിസ്ഥാനസൗകര്യങ്ങളാണ് ആശുപത്രികളിൽ ഒരുക്കിയിട്ടുള്ളത് ; വിശദാംശങ്ങൾ എന്തെല്ലാം ?

# കേരള നിയമസഭ
# 02.07.2014-ലെ മറുപടിക്ക്

<u>ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് നിയമം</u>

5535 ശ്രീ. പാലോട് രവി
,, സണ്ണി ജോസഫ്
,, എം. പി. വിൻസെന്റ്
,, ഡൊമിനിക് പ്രസന്റേഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് നിയമം നിർമ്മിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പ്രസ്തുത നിയമം മുഖേന കൈവരിക്കാനുദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ;

(സി) ആരോഗ്യസ്ഥാപനങ്ങളെ നിയന്ത്രിക്കാൻ എന്തെല്ലാം വ്യവസ്ഥകളാണ് പ്രസ്തുത നിയമത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്;

(ഡി) ആയതിന്റെ നിയമനിർമ്മാണ പ്രക്രിയ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
# 02.07.2014-ലെ മറുപടിക്ക്

<u>സ്കൂൾ വിദ്യാർത്ഥികൾക്കുള്ള സമഗ്ര ആരോഗ്യ പദ്ധതി</u>

5536 ശ്രീ. ഇ. ചന്ദ്രശേഖരൻ
,, വി. എസ്. സുനിൽ കുമാർ
,, മുല്ലക്കര രത്നാകരൻ
,, പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്കൂൾ വിദ്യാർത്ഥികളുടെ സമഗ്ര ആരോഗ്യം ലക്ഷ്യമാക്കി എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കിവരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ വിദ്യാർത്ഥിയുടെയും സമഗ്ര ആരോഗ്യരേഖ തയ്യാറാക്കി വരുന്നുണ്ടോ; ഉണ്ടെങ്കിൽ എല്ലാ വിദ്യാർത്ഥികളുടെയും ആരോഗ്യരേഖ തയ്യാറാക്കുന്ന ജോലികൾ എത്ര കാലംകൊണ്ട് പൂർത്തിയാക്കുവാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ;

(സി) ഈ പദ്ധതി എല്ലാ വിദ്യാലയങ്ങളിലേയ്ക്കും വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ ഉണ്ടാകുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതു പരിഹരിക്കുന്നതിനുള്ള എന്തു നടപടികളാണുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) ഏതെല്ലാം വകുപ്പുകളുടെ സഹകരണത്തോടെയാണ് ഈ പദ്ധതി നടപ്പാക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

**കേരള നിയമസഭ**
**02.07.2014-ലെ മറുപടിക്ക്**

<u>ഡയൽ എ ഡോക്ടർ പദ്ധതി</u>

5537 ശ്രീ. ബെന്നി ബെഹനാൻ
,, റ്റി. എൻ. പ്രതാപൻ
,, പാലോട് രവി
,, ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ''ഡയൽ എ ഡോക്ടർ'' പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ആരോഗ്യ സംബന്ധമായ സംശയ നിവാരണത്തിനായി വിദഗ്ദ്ധ ഡോക്ടറുടെ ഉപദേശം തേടുവാൻ എന്തെല്ലാം സംവിധാനമാണ് പദ്ധതിയിൽ ഒരുക്കിയിരിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങളാണ് ഒരുക്കിയിട്ടുള്ളത് ; വിശദാംശങ്ങൾ എന്തെല്ലാം ?

# കേരള നിയമസഭ
# 02.07.2014-ലെ മറുപടിക്ക്

<u>ജീവിത ശൈലീ രോഗങ്ങൾ</u>

5538 ശ്രീ. റോഷി അഗസ്റ്റിൻ
,, എം.വി. ശ്രേയാംസ്കുമാർ
,, പി.സി. ജോർജ്ജ്
ഡോ.എൻ. ജയരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജീവിതശൈലീ രോഗങ്ങളായ പ്രമേഹം, കൊറോണറി ഹാർട്ട് രോഗങ്ങൾ, അർബുദം, വൃക്കരോഗങ്ങൾ, എന്നിവയും വാർദ്ധക്യകാല രോഗങ്ങളും വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത രോഗങ്ങളുടെ വ്യാപനത്തെ ഫലപ്രദമായി പ്രതിരോധിക്കാൻ ഉതകുന്ന കർമ്മപരിപാടികൾ ആവിഷ്ക്കരിച്ച് നടപ്പാക്കാൻ ഉദ്ദേശിക്കുന്നുവോ; വിശദാംശങ്ങൾ നൽകുമോ;

(സി) ആരോഗ്യ രംഗത്തെ ഇത്തരം വെല്ലുവിളികളെ നേരിടുന്നതിനായി ഒരു പ്രത്യേക വിഭാഗം കെട്ടിപ്പടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

## കേരള നിയമസഭ
## 02.07.2014-ലെ മറുപടിക്ക്

<u>നഗരാരോഗ്യ പദ്ധതി</u>

5539 ശ്രീ. അൻവർ സാദത്ത്
,, വി. റ്റി. ബൽറാം
,, ഡൊമിനിക് പ്രസന്റേഷൻ
,, വി. ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നഗരാരോഗ്യപദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതു വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) എത്ര കോർപ്പറേഷനുകളും മുൻസിപ്പാലിറ്റികളിലുമാണ് പദ്ധതി ആദ്യഘട്ടത്തിൽ നടപ്പാക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) എന്തെല്ലാം കേന്ദ്ര സഹായമാണ് പദ്ധതി നടത്തിപ്പിനായി ലഭിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
# 02.07.2014-ലെ മറുപടിക്ക്

<u>മാനസിക ആരോഗ്യകേന്ദ്രങ്ങളുടെ വികസനത്തിന് പദ്ധതി</u>

5540 ശ്രീ. ഹൈബി ഈഡൻ
,, ലൂഡി ലൂയിസ്
,, റ്റി. എൻ. പ്രതാപൻ
,, എം. എ. വാഹിദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ മാനസിക ആരോഗ്യകേന്ദ്രങ്ങളുടെ വികസനത്തിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പദ്ധതി നടപ്പാക്കുന്നതിനായി മാനസികാരോഗ്യകേന്ദ്രങ്ങളുടെ വികസനത്തിന് മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) മാസ്റ്റർ പ്ലാൻ അനുസരിച്ചുള്ള പദ്ധതികൾ നടപ്പാക്കാൻ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 02.07.2014-ലെ മറുപടിക്ക്

<u>സർക്കാർ ആശുപത്രികളുടെ ഗ്രേഡിംഗ്</u>

5541 ശ്രീ. തോമസ് ഉണ്ണിയാടൻ
,, സി. എഫ്. തോമസ്
,, മോൻസ് ജോസഫ്
,, റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ മേഖലയിലുള്ള പി. എച്ച്. സി മുതൽ മെഡിക്കൽ കോളേജ് വരെയുള്ള ആശുപത്രികൾ ശുചീകരിച്ചും സൗകര്യങ്ങൾ ലഭ്യമാക്കിയും ഗ്രേഡ് നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ;

(ബി) പി. എച്ച്. സി. കളിലും സി. എച്ച്. സി കളിലും സൗകര്യങ്ങൾ സ്പോൺസർ ചെയ്യാൻ താത്പര്യമുള്ള വ്യക്തികളെ പ്രോത്സാഹിപ്പിക്കുന്നതിനും പാവപ്പെട്ട രോഗികളെ സ്പോൺസർ ചെയ്യുവാൻ വ്യക്തികളെ സഹായിക്കുന്നതിനും പി. എച്ച്. സി./ സി. എച്ച്. സി കളിൽ സൗകര്യങ്ങൾ ഏർപ്പെടുത്തിക്കൊടുക്കുമോ?

# കേരള നിയമസഭ
## 02.07.2014-ലെ മറുപടിക്ക്

<u>കമ്പ്യൂട്ടർ ശൃംഖലാ ബന്ധിത ചികിത്സാ കേന്ദ്രങ്ങൾ</u>

5542 ശ്രീ. കെ. ശിവദാസൻ നായർ
,, എ.റ്റി. ജോർജ്
,, ജോസഫ് വാഴക്കൻ
,, പി.എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആരോഗ്യവകുപ്പിന് കീഴിലുള്ള ചികിത്സാ കേന്ദ്രങ്ങളെ കമ്പ്യൂട്ടർ ശൃംഖലവഴി ബന്ധിപ്പിക്കുന്നതിന് കേന്ദ്ര ആരോഗ്യ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതിമുഖേന കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) പ്രസ്തുത കേന്ദ്ര പദ്ധതി എങ്ങനെയാണ് സംസ്ഥാനത്ത് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത് ; വിശദമാക്കുമോ;

(ഡി) പദ്ധതി നടത്തിപ്പിനായി ആരോഗ്യ കേന്ദ്രങ്ങളിൽ എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്; വിശദമാക്കുമോ?

# കേരള നിയമസഭ
## 02.07.2014-ലെ മറുപടിക്ക്

<u>മിഷൻ 676-ൽ ഉൾപ്പെടുത്തിയ പദ്ധതികൾ</u>

5543 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മിഷൻ 676-ൽ ഉൾപ്പെടുത്തി ആരോഗ്യവകുപ്പിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ ;

(ബി) ഇതിനായി എന്തു തുക ചെലവ് വരുമെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 02.07.2014-ലെ മറുപടിക്ക്

<u>ഫോർ പ്ലസ് പദ്ധതി</u>

5544 ശ്രീ. എം. ചന്ദ്രൻ
,, ബി. സത്യൻ
,, പി. റ്റി. എ. റഹീം
,, സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് ആരംഭിച്ച ഫോർ പ്ലസ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തായിരുന്നു;

(ബി) പദ്ധതിയുടെ ഇപ്പോഴത്തെ സ്ഥിതി അറിയിക്കാമോ;

(സി) ഈ സർക്കാർ അധികാരമേറ്റശേഷം തനതുഫണ്ടിൽ നിന്നും കേന്ദ്രസഹായത്തോടെയും പദ്ധതി നടപ്പിലാക്കാനായി എന്തൊക്കെ ചെയ്തുവെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 02.07.2014-ലെ മറുപടിക്ക്

<u>ജീവിതശൈലീരോഗ നിര്‍ണ്ണയ ക്ലിനിക്കുകളിലെ</u>
<u>മരുന്നുകളുടെയും</u>
<u>ഉപകരണങ്ങളുടെയും ദൗലഭ്യം</u>

5545 ശ്രീ. എ.എം. ആരിഫ്

താഴെ കാണുന്ന ചോദ്യത്തിന്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളില്‍ ഉള്‍പ്പെടെ നടത്തുന്ന ജീവിതശൈലീ രോഗ നിര്‍ണ്ണയ ക്ലിനിക്കുകളില്‍ ഷുഗര്‍ടെസ്റ്റിനുള്ള ഉപകരണങ്ങള്‍ തീര്‍ന്നിട്ട് മാസങ്ങളായി എന്നുള്ളതും ജീവിതശൈലീരോഗങ്ങളുടെ മരുന്നുകളുടെ ദൗര്‍ബല്യവും ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിനുള്ള സത്വര നടപടികള്‍ സ്വീകരിക്കുമോ?

# കേരള നിയമസഭ
# 02.07.2014-ലെ മറുപടിക്ക്

കക്കോടി പി. എച്ച്. സി. യിൽ ഡയാലിസിസ് യൂണിറ്റ്

5546 ശ്രീ. എ. കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ കക്കോടി പി. എച്ച്. സി. യിൽ ഡയാലിസിസ് യൂണിറ്റ് അനുവദിച്ചാൽ വരുന്ന സാമ്പത്തിക ബാധ്യത വഹിക്കാൻ ചേളന്നൂർ സർവ്വീസ് സഹകരണ ബാങ്ക് തയ്യാറാണെന്ന് അറിയിച്ചുകൊണ്ടുള്ള നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ, ബാങ്കിന്റെ ഉറപ്പ് പരിഗണിച്ചും പൊതുജന ആവശ്യം പരിഗണിച്ചും കക്കോടി പി. എച്ച്. സി. യിൽ ഡയാലിസിസ് യൂണിറ്റ് അനുവദിക്കാനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

## കേരള നിയമസഭ
## 02.07.2014-ലെ മറുപടിക്ക്

കാലടി സാമൂഹിക ആരോഗ്യകേന്ദ്രത്തിൽ എക്സ്റേ മെഷിൻ സ്ഥാപിക്കാൻ നടപടി

5547 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജകമണ്ഡലത്തിലെ കാലടി സാമൂഹിക ആരോഗ്യകേന്ദ്രത്തിൽ എക്സ്റേ മെഷിൻ സ്ഥാപിക്കുന്നതിനായി ആസ്തി വികസന പദ്ധതിയിൽ നിന്നും 19.04.2013 ൽ 25 ലക്ഷം രൂപയ്ക്ക് ആരോഗ്യ വകുപ്പ് ഭരണാനുമതി നല്കിയിട്ടും പ്രസ്തുത മെഷിൻ സ്ഥാപിക്കുന്നതിലെ കാലതാമസത്തിന് കാരണം വിശദമാക്കാമോ?

(ബി) ഇത് എന്നത്തേയ്ക്ക് സ്ഥാപിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**02.07.2014-ലെ മറുപടിക്ക്**

<u>കൊരട്ടിയിൽ എ.ഐ.ഐ.എം.എസ് മാതൃകയിൽ ആരോഗ്യ കേന്ദ്രം</u>

5548 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യത്തിന്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ചാലക്കുടി മണ്ഡലത്തിലെ, കൊരട്ടി ഗാന്ധിഗ്രാം ത്വക് രോഗാശുപത്രി വക നൂറ്റിപ്പത്ത് ഏക്കർ സ്ഥലത്ത്, ‘‘എ.ഐ.ഐ.എം.എസ് മാതൃകയിൽ’’ സംസ്ഥാനത്ത് സ്ഥാപിക്കാൻ ഉദ്ദേശിച്ചിട്ടുള്ള ആരോഗ്യകേന്ദ്രം അനുവദിക്കുന്നതിനായി നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 02.07.2014-ലെ മറുപടിക്ക്

<u>കായംകുളം താലൂക്കാശുപത്രിയിൽ ബ്ലഡ് സ്റ്റോറേജ് യൂണിറ്റ്</u>

5549 ശ്രീ. സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കായംകുളം താലൂക്കാശുപത്രിയിൽ ബ്ലഡ് സ്റ്റോറേജ് യൂണിറ്റിനായി സൗകര്യങ്ങൾ ഒരുക്കിയിട്ടും പ്രവർത്തന സജ്ജമല്ലാത്ത അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ബ്ലഡ് സ്റ്റോറേജ് യൂണിറ്റ് ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ;

# കേരള നിയമസഭ
# 02.07.2014-ലെ മറുപടിക്ക്

കെ.എസ്.ഡി.പി.യിൽ നിന്നും ലഭിച്ച മരുന്നുകൾ തിരിച്ചയച്ചത് സംബന്ധിച്ച്

5550 ശ്രീ. എ.കെ. ശശീന്ദ്രൻ
,, തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ നിർദ്ദേശപ്രകാരം കെ.എസ്.ഡി.പി അയച്ച 13 മരുന്നുകളിൽ ഏഴെണ്ണം തിരിച്ചയച്ചതിന്റെ കാരണം വ്യക്തമാക്കാമോ; ഈ നടപടികൾക്കായി നിർദ്ദേശം നൽകിയതാരെന്നു വ്യക്തമാക്കുമോ;

(ബി) സ്വകാര്യ മരുന്നു നിർമ്മാണ കമ്പനികളുടെ അസ്സോസിയേഷനുമായി ബന്ധമുള്ള ചിലരുടെ ഇടപെടൽ മൂലമാണ് ഇങ്ങനെ സംഭവിച്ചതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിലെ ഉത്തരവാദപ്പെട്ടവരുടെ പേരിൽ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 02.07.2014-ലെ മറുപടിക്ക്

<u>കാസർഗോഡ് ജില്ലയിൽ അവശ്യമരുന്നുകളുടെ ദൗർലഭ്യം</u>

5551 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ സർക്കാർ ആശുപത്രികളിൽ, ആന്റി ബയോട്ടിക്കുകൾ തുടങ്ങി അത്യാവശ്യ മരുന്നുകൾ ആവശ്യത്തിന് തികയുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഏതൊക്കെ മരുന്നുകളാണ് ജില്ലയിലെ സർക്കാർ ആശുപത്രികളിൽ കുറവുള്ളത് എന്ന് വ്യക്തമാക്കാമോ;

(സി) ഇത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 02.07.2014-ലെ മറുപടിക്ക്

## മരുന്ന് കുറിപ്പടികൾ ഇംഗ്ലീഷ് വലിയ അക്ഷരത്തിൽ നൽകാൻ ഉത്തരവ്

5552 ശ്രീമതി കെ.എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മരുന്ന് കുറിപ്പടി ഇംഗ്ലീഷ് വലിയ അക്ഷരത്തിൽ വ്യക്തമായി എഴുതി നൽകണമെന്ന് മെഡിക്കൽ കൗൺസിലും ഡ്രഗ്സ് കൺട്രോളറും ലോകാരോഗ്യ സംഘടനയും മാർഗനിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ടെങ്കിലും ഇപ്പോഴും സംസ്ഥാനത്തെ സർക്കാർ ഡോക്ടർമാർ ആയത് പാലിക്കാറില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടുവോ;

(ബി) എങ്കിൽ ഇത് പാലിക്കാത്ത സർക്കാർ ഡോക്ടർമാർക്കെതിരെ കർശനമായ എന്തൊക്കെ അച്ചടക്ക നടപടികൾ സ്വീകരിക്കുവാനാണ് ആരോഗ്യവകുപ്പ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ;

(സി) സർക്കാർ ഡോക്ടർമാർ മരുന്ന് കമ്പനികളെ സഹായിക്കുന്നത് ഒഴിവാക്കാൻ ആരോഗ്യവകുപ്പ് എന്തൊക്കെ നടപടികൾ നിലവിൽ സ്വീകരിച്ചുവരുന്നു; വ്യക്തമാക്കുമോ;

(ഡി) മരുന്നിൽ അടങ്ങിയിട്ടുള്ള ഘടകങ്ങൾ ഉൾപ്പെടുന്ന ജനറിക് നാമം എഴുതി നൽകണമെന്ന കർശനനിർദ്ദേശം നൽകാൻ ആരോഗ്യവകുപ്പ് എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 02.07.2014-ലെ മറുപടിക്ക്

<u>നാഷ്ണൽ എയ്ഡ്സ് കൺട്രോൾ ഓർഗനൈസേഷൻ മുഖേന ലഭിച്ച ധനസഹായം</u>

5553 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നാഷണൽ എയിഡ്സ് കൺട്രോൾ ഓർഗനൈസേഷനിൽ നിന്നും 2013-2014-ൽ കേരളാ സ്റ്റേറ്റ് എയ്ഡ്സ് കൺട്രോൾ സൊസൈറ്റിക്ക് എന്തെല്ലാം പദ്ധതികൾക്ക് ധനസഹായം ലഭിച്ചുവെന്നു വ്യക്തമാക്കുമോ;

(ബി) ഓരോ പദ്ധതിക്കും എത്ര തുക വീതമാണു ലഭിച്ചത്;

(സി) കേരളാ സ്റ്റേറ്റ് എയ്ഡ്സ് കൺട്രോൾ സൊസൈറ്റി പ്രസ്തുത തുക ചെലവഴിച്ച് ഓരോ ജില്ലയിലും എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കിയെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 02.07.2014-ലെ മറുപടിക്ക്

<u>കാൻസർ നിയന്ത്രണ ചികിൽസാ പദ്ധതി</u>

5554 ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
,, അൻവർ സാദത്ത്
,, കെ. ശിവദാസൻ നായർ
,, പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാൻസർ നിയന്ത്രണ ചികിൽസാ പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം സ്ഥാപനങ്ങളാണ് പദ്ധതിയുമായി സഹകരിക്കുന്നത്; വിശദമാക്കുമോ;

(ഡി) എന്തെല്ലാം ബോധവൽക്കരണ പരിപാടികളാണ് പദ്ധതിയുടെ ഭാഗമായി നടപ്പാക്കുന്നത്;

(ഇ) ഏതെല്ലാം തരം ആശുപത്രികളിലാണ് പദ്ധതിയനുസരിച്ച് ചികിൽസാ സൗകര്യങ്ങൾ ലഭിക്കുന്നത്; വിശദമാക്കുമോ?

# കേരള നിയമസഭ
# 02.07.2014-ലെ മറുപടിക്ക്

<u>കാൻസർ കെയർ പദ്ധതി</u>

5555 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആരോഗ്യവകുപ്പ് നടപ്പിലാക്കുന്ന കാൻസർ കെയർ പദ്ധതിയിൽ എന്തെല്ലാം പദ്ധതികളാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) എല്ലാ ജില്ലകളിലും ഒരാശുപത്രി കീമോതെറാപ്പി ഉൾപ്പെടെയുള്ള കാൻസർ ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് വിഭാവനം ചെയ്തിരുന്നുവോ;

(സി) എങ്കിൽ ഇവ എവിടെയെല്ലാം നടപ്പിലാക്കി എന്ന് വെളിപ്പെടുത്തുമോ;

(ഡി) സമഗ്ര കാൻസർ പരിശോധനാ പരിപാടിക്ക് രൂപം നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**02.07.2014-ലെ മറുപടിക്ക്**

<u>റീജിയണൽ കാൻസർ സെന്ററിനു ഓട്ടോണമസ് പദവി</u>

5556 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം റീജിയണൽ കാൻസർ സെന്റർ ഓട്ടോണമസ് സ്ഥാപനമായി ഉയർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സെന്ററിലെ രോഗികളുടെ വർദ്ധിച്ചുവരുന്ന എണ്ണത്തിനനുപാതമായി ചികിത്സാ സൗകര്യങ്ങൾ നിലവിലിലുണ്ടോയെന്ന് വിശദീകരിക്കുമോ ;

(സി) ഇല്ലെങ്കിൽ ആയത് പരിഹരിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുമോ;

# കേരള നിയമസഭ
# 02.07.2014-ലെ മറുപടിക്ക്

<u>എല്ലാ ജില്ലകളിലും കാൻസർ ചികിത്സാ കേന്ദ്രങ്ങൾ</u>

5557 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, റ്റി. എൻ. പ്രതാപൻ
,, സി. പി. മുഹമ്മദ്
,, വർക്കല കഹാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എല്ലാ ജില്ലകളിലും കാൻസർ ചികിൽസാ സൗകര്യം ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കുമോ;

(ബി) ആയതിനായി ആശുപത്രികളെ തെരഞ്ഞെടുക്കുന്നത് എങ്ങനെയാണ്; വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് പ്രസ്തുത ആശുപത്രികളിൽ സജ്ജീകരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ?

## കേരള നിയമസഭ
## 02.07.2014-ലെ മറുപടിക്ക്

<u>സംസ്ഥാനത്ത് കാൻസർ രോഗികളുടെ എണ്ണം</u>

5558 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാനസർ രോഗികളുടെ എണ്ണം വർദ്ധിച്ച് വരുന്നത് സംബന്ധിച്ചുള്ള പഠന/ഗവേഷണങ്ങൾ ഏതെല്ലാം ഏജൻസി മുഖാന്തിമാണ് നടത്തുന്നതെന്നും ആയതിന്റെ വിശദാംശം എന്തെല്ലാമാണെന്നും വെളിപ്പെടുത്തുമോ;

(ബി) കാൻസർ രോഗത്തിന്റെ ചികിത്സക്കായി സാമ്പത്തിക പിന്നോക്കാവസ്ഥയിലുള്ളവർക്കായി എന്തെല്ലാം പദ്ധതികൾ ഈ സർക്കാർ ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്നു എന്നറിയിക്കുമോ;

(സി) കാൻസർ രോഗത്തിന്റെ ചികിത്സക്കും മറ്റുമായി എല്ലാ താലൂക്കാശുപത്രികളിലും പ്രത്യേക വിഭാഗങ്ങൾ ആരംഭിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**
**02.07.2014-ലെ മറുപടിക്ക്**

<u>ആർ.സി.സി യിലെ നിയമനങ്ങൾ</u>

5559 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റീജിയണൽ കാൻസർ സെന്ററിൽ വിവിധ പ്രോജക്ടുകളിൽ 10 വർഷത്തിലധികമായി ജോലി നോക്കി വരുന്ന ജീവനക്കാർക്ക് സ്ഥിരനിയമന സാധ്യത ആലോചിക്കുന്നുണ്ടോ;

(ബി) റീജിയണൽ കാൻസർ സെന്ററിലെ പ്രോജക്ട് ജീവനക്കാരെ ഉത്തരവനുസരിച്ച് സ്ഥിരപ്പെടുത്തിയിട്ടുണ്ടോ;

(സി) റീജിയണൽ കാൻസർ സെന്ററിലെ പ്രോജക്ട് വിഭാഗം ജീവനക്കാർക്കും ശമ്പളസ്കെയിൽ അനുസരിച്ച് ശമ്പളം നൽകാമോ; ഇതിന്റെ തടസ്സം വ്യക്തമാക്കാമോ;

(ഡി) ആർ.സി.സി നിയമനങ്ങൾ പി.എസ്.സിക്ക് വിടുവാൻ ഉദ്ദേശിക്കുന്നുണ്ടോ; പ്രസ്തുത നിയമനങ്ങളിൽ സംവരണതത്വം പാലിക്കുന്നുണ്ടോ?

# കേരള നിയമസഭ
## 02.07.2014-ലെ മറുപടിക്ക്

<u>റീജിയണല്‍ കാന്‍സര്‍ സെന്ററില്‍ ചികിത്സയ്ക്ക്</u>
<u>പ്രധാനമന്ത്രിയുടെ ഫണ്ടില്‍നിന്നും ധനസഹായം</u>

5560 ശ്രീ. എ. പ്രദീപ് കുമാര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) റീജിയണല്‍ കാന്‍സര്‍ സെന്ററില്‍ ചികിത്സയ്ക്ക് എത്തുന്ന രോഗികള്‍ക്ക് പ്രധാനമന്ത്രിയുടെ ചികിത്സാ ധനസഹായത്തില്‍നിന്നും ഫണ്ട് അനുവദിച്ചികിട്ടാറുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഈ ഫണ്ടില്‍നിന്നും പേവാര്‍ഡിന്റെ ഫീസ് ഉള്‍പ്പെടെ ചില ചെലവുകള്‍ അനുവദിച്ചുകൊടുക്കാറില്ലെന്നത് ശരിയാണോ;

(സി) പേവാര്‍ഡില്‍ കിടക്കേണ്ടിവരുമ്പോള്‍ അതിന്റെ ചെലവ് മാത്രം ഫണ്ടില്‍നിന്ന് അനുവദിക്കില്ലെന്ന നിലപാട് സ്വീകരിച്ചിട്ടുണ്ടോ; എങ്കില്‍ കാരണം വെളിപ്പെടുത്തുമോ;

(ഡി) കാന്‍സര്‍ രോഗത്തിനുള്ള ചികിത്സയുമായി ബന്ധപ്പെട്ട എല്ലാ ചെലവുകളും ഇത്തരം ധനസഹായഫണ്ടുകളില്‍നിന്നും മുഴുവന്‍ തുകയും അനുവദിച്ചുകിട്ടുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 02.07.2014-ലെ മറുപടിക്ക്

കാസർഗോഡ് ജില്ലാശുപത്രി സമഗ്രവികസന പദ്ധതിയുടെ ഉദ്ഘാടനം

5561 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ കാഞ്ഞങ്ങാട് ചെമ്മട്ടം വയലിൽ പ്രവർത്തിക്കുന്ന ജില്ലാശുപത്രി സമഗ്രവികസന പദ്ധതിയുടെ ഉദ്ഘാടനം എന്നാണ് കഴിഞ്ഞതെന്ന് അറിയിക്കാമോ;

(ബി) പദ്ധതിയുടെ ഭാഗമായി ഏഴ് വിഭാഗങ്ങളുടെ ഉദ്ഘാടനം നടന്നിട്ടുണ്ടോ;

(സി) ഇതിൽ ഏത് വിഭാഗമാണ് നിലവിൽ പ്രവർത്തിക്കുന്നതെന്നും കാൻസർ ബ്ലോക്കിന്റെയും, ഡയാലിസിസ് ബ്ലോക്കിന്റെയും പ്രവർത്തനം എന്ന് തുടങ്ങുമെന്നും അറിയിക്കാമോ;

(ഡി) ഇതോടൊപ്പം പണികഴിപ്പിച്ച കാരുണ്യ മെഡിക്കൽ സ്റ്റോർ എന്നുമുതൽ പ്രവർത്തനമാരംഭിക്കുമെന്ന് അറിയിക്കാമോ?

# കേരള നിയമസഭ
## 02.07.2014-ലെ മറുപടിക്ക്

പനി ബാധ കൂടിവരുന്നത് സംബന്ധിച്ച്

5562 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഓരോ വർഷ കഴിയുമ്പോറും പനി ബാധിക്കുന്നവരുടെ എണ്ണം കേരളത്തിൽ കൂടിക്കൂടി വരികയാണെന്നുള്ള കാര്യത്തിൽ വിശദമായ എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ; ഇല്ലെങ്കിൽ വിശദമായ പഠനം ഇക്കാര്യത്തിൽ നടത്തുമോ ; പനിബാധയുടെ തോത് നിയന്ത്രിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ബി) മഴക്കാലം ആരംഭിക്കുന്നതിന് മുമ്പ് ആരോഗ്യവകുപ്പ് സ്വീകരിക്കുന്ന ആസൂത്രണത്തിലെ അപാകതയാണ് ഇപ്രകാരം പനി പടരുന്നതിന് കാരണമാകുന്നതെന്ന ആക്ഷേപം ശരിയാണോ; ഇക്കാര്യത്തിലുള്ള വിശദാംശം നല്കുമോ ?

# കേരള നിയമസഭ
## 02.07.2014-ലെ മറുപടിക്ക്

<u>കേരളത്തിൽ സ്ഥിരീകരിച്ചിട്ടുള്ള പനികൾ</u>

5563 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഏതെല്ലാം തരത്തിലുള്ള പനികളാണ് കേരളത്തിൽ സ്ഥിരീകരിച്ചിട്ടുള്ളത് ; ഇപ്രകാരം ഓരോ പനിയും പടർന്നു പിടിക്കുന്നതിന്റെ സാഹചര്യം വ്യക്തമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര പനി മരണങ്ങൾ കേരളത്തിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട് ; ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 02.07.2014-ലെ മറുപടിക്ക്

<u>മഴക്കാലരോഗങ്ങൾ തടയാൻ നടപടി</u>

5564 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2014 ജനുവരി മുതൽ നാളിതുവരെ എച്ച്1എൻ1 ഉൾപ്പെടെയുള്ള പകർച്ചപ്പനി ബാധിച്ച് സംസ്ഥാനത്തെ വിവിധ സർക്കാർ ആശുപത്രികളിൽ ചികിത്സ തേടി എത്തിയവരുടെ എണ്ണം എത്ര; ഇതിൽ എത്ര പേർ മരണപ്പെട്ടുവെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ മേൽപ്പറഞ്ഞ കാലയളവിനുള്ളിൽ എച്ച്1എൻ1, ഡെങ്കിപ്പനി, എലിപ്പനി, ചിക്കുൻഗുനിയ തുടങ്ങിയവ ബാധിച്ച് എത്ര പേർ മരണപ്പെട്ടു; വയറിളക്കവും അനുബന്ധ രോഗങ്ങളും ബാധിച്ച് എത്ര പേർ മരണപ്പെട്ടു; മഞ്ഞപ്പിത്തം, ചിക്കൻപോക്സ് എന്നിവ പിടിപെട്ട് എത്ര പേർ വീതം മരിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) പകർച്ചവ്യാധികൾ പടർന്നുപിടിക്കുമ്പോൾ സംസ്ഥാനത്തെ ആശുപത്രികളിൽ ആവശ്യത്തിന് മരുന്ന് എത്തിക്കുന്നതിൽ ആരോഗ്യ വകുപ്പ് ഗുരുതര വീഴ്ച വരുത്തിയതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടുവോ; വ്യക്തമാക്കുമോ;

(ഡി) സർക്കാർ ആശുപത്രികളിൽ ഡോക്ടർമാരുടെ ക്ഷാമം നിലവിൽ കൂടിയതായി ശ്രദ്ധയിൽപ്പെട്ടുവോ; വ്യക്തമാക്കുമോ;

(ഇ) മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങളിലെ വീഴ്ചയും രോഗപ്രതിരോധ പ്രവർത്തനങ്ങളിലെ പാളിച്ചയുമാണ് ഇത്തരത്തിൽ വൻതോതിൽ പകർച്ചവ്യാധികൾ പടർന്നുപിടിക്കാൻ ഇടയാക്കിയതെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടുവോ; വ്യക്തമാക്കുമോ;

(എഫ്) എങ്കിൽ ഇതൊക്കെ പരിഹരിക്കുവാനും സമീപ ഭാവിയിൽ വരാവുന്ന പകർച്ചവ്യാധികൾ നിയന്ത്രിക്കാനും സർക്കാർ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**02.07.2014-ലെ മറുപടിക്ക്**

<u>പനിബാധിച്ച് ചികിത്സ തേടിയവരും മരണപ്പെട്ടവരും</u>

5565 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈവർഷം പനിബാധിച്ച് എത്ര പേർ മരണപ്പെട്ടിട്ടുണ്ട്;

(ബി) എത്ര പേർ വിവിധ ആശുപത്രികളിലായി ചികിത്സ തേടിയെത്തിയിട്ടുണ്ട്;

(സി) ഏതെല്ലാം തരത്തിലുള്ള പനികളാണ് സംസ്ഥാനത്തെ ജനങ്ങളെ ബാധിച്ചുകൊണ്ടിരിക്കുന്നത് ?

(ഡി) പനി നിയന്ത്രണ വിധേയമാക്കുന്നതിന് ആരോഗ്യവകുപ്പ് എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 02.07.2014-ലെ മറുപടിക്ക്

<u>ശുചീകരണ ജോലിക്കാരുടെ വേതനം</u>

5566 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മഴക്കാല രോഗങ്ങളെ പ്രതിരോധിക്കുന്നതിനായുള്ള ശുചീകരണ ജോലികൾക്ക് വിവിധ സർക്കാർ ആശുപത്രികളിൽ നിയമിക്കപ്പെട്ടിട്ടുള്ള താല്കാലിക ശുചീകരണ ജോലിക്കാർക്കുള്ള വേതനം കഴിഞ്ഞ കുറെ മാസങ്ങളായി കുടിശ്ശികയാണെന്ന കാര്യം ബോധ്യപ്പെട്ടിട്ടുണ്ടോ; എന്തുകൊണ്ടാണ് മാസങ്ങളായി ഇവരുടെ വേതനം നൽകാത്തതെന്നു വ്യക്തമാക്കുമോ;

(ബി) ആലപ്പുഴ ജില്ലയിൽ ഡബ്ല്യു & സി തുടങ്ങിയ ആശുപത്രികളിൽ മേൽപ്പറഞ്ഞ പ്രകാരം നിയമിക്കപ്പെട്ടിട്ടുള്ള ജീവനക്കാർക്ക് എത്ര മാസത്തെ വേതനം നൽകാനുണ്ടെന്നു പറയാമോ; ഇവരുടെ വേതനം കുടിശ്ശിക തീർത്ത് അടിയന്തിരമായി നൽകാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 02.07.2014-ലെ മറുപടിക്ക്

ജലജന്യരോഗങ്ങൾ

5567 ശ്രീ. എസ്. ശർമ്മ
,, പി. ശ്രീരാമകൃഷ്ണൻ
,, കെ. ദാസൻ
,, കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മഴക്കാലം ആരംഭിച്ചതോടെ സംസ്ഥാനത്ത് വിശേഷിച്ച് തീരപ്രദേശങ്ങളിൽ ജലജന്യരോഗങ്ങൾ വ്യാപകമായിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് തടയാനായി സ്വീകരിച്ച നടപടികൾ അറിയിക്കുമോ;

(സി) സർക്കാരാശുപത്രികളിലെ മെഡിക്കൽ - പാരാമെഡിക്കൽ ജീവനക്കാരുടെ ഒഴിവുകൾ അടിയന്തരമായി നികത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) മരുന്നുക്ഷാമം പരിഹരിക്കാനായി സ്വീകരിച്ച നടപടികൾ അറിയിക്കുമോ ?

# കേരള നിയമസഭ
# 02.07.2014-ലെ മറുപടിക്ക്

<u>മഴക്കാല രോഗങ്ങൾ തടയാൻ കോഴിക്കോട്</u>
<u>ജില്ലയിൽ മൊബൈൽ യൂണിറ്റുകൾ</u>

5568 ശ്രീ. എ. കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മഴക്കാല രോഗങ്ങൾ തടയാൻ ആരോഗ്യവകുപ്പ് കോഴിക്കോട് ജില്ലയിൽ മൊബൈൽ യൂണിറ്റുകൾ ഏർപ്പെടുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) ഉണ്ടെങ്കിൽ, ജില്ലയിലെ ഏതൊക്കെ പ്രദേശങ്ങളിലാണ് മൊബൈൽ യൂണിറ്റുകളുടെ സേവനം ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ;

(സി) മൊബൈൽ യൂണിറ്റുകളുടെ സേവനം നൽകുന്ന കേന്ദ്രങ്ങളുടെ പേരും സേവനസമയവും പൊതുജനങ്ങളെ അറിയിക്കാനുള്ള എന്തൊക്കെ സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്നും വ്യക്തമാക്കാമോ?

**കേരള നിയമസഭ**
**02.07.2014-ലെ മറുപടിക്ക്**

<u>കുരങ്ങു പനി നിയന്ത്രിക്കാൻ നടപടി</u>

5569 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുരങ്ങുപനി എവിടെയെങ്കിലും റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; എങ്കിൽ എത്ര പേർക്കെന്നും എവിടെയാണെന്നും വിശദമാക്കാമോ;

(ബി) ഇതിന്റെ കാരണങ്ങളെ കുറിച്ച് പഠിച്ച് പനി നിയന്ത്രിക്കുന്നതിനാവശ്യമായ നടപടികൾ ആരോഗ്യവകുപ്പ് സ്വീകരിച്ചിട്ടുണ്ടോ;

(സി) കുരങ്ങുപനിയുടെ മരുന്ന് സംസ്ഥാനത്ത് ലഭ്യമാണോ; അത് രോഗബാധിതർക്ക് എത്തിച്ചു കൊടുത്തിട്ടുണ്ടോയെന്നു വ്യക്തമാക്കുമോ;

(ഡി) പുതിയ രോഗങ്ങൾ പടർന്നു പിടിക്കുന്ന സാഹചര്യത്തിൽ ഇതുസംബന്ധിച്ച് ഗവേഷണങ്ങൾ നടത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ?

## കേരള നിയമസഭ
## 02.07.2014-ലെ മറുപടിക്ക്

<u>എൻ.ആർ.എച്ച്.എം. ഫണ്ടിന്റെ വിനിയോഗം</u>

5570 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നാഷണൽ റൂറൽ ഹെൽത്ത് മിഷൻ എന്നാണ് പ്രവർത്തനം ആരംഭിച്ചത്; പ്രസ്തുത കാലം മുതൽ 31.03.2014 വരെ എത്ര കോടി രൂപ സംസ്ഥാനത്തിന് ലഭ്യമായി; വാർഷികാടിസ്ഥാനത്തിൽ കണക്ക് ലഭ്യമാക്കാമോ;

(ബി) ഓരോ ജില്ലയിലും ഇക്കാലയളവിൽ ചെലവഴിച്ച തുകയുടെ കണക്ക് ലഭ്യമാക്കാമോ;

(സി) ദേശീയ ഗ്രാമീണ ആരോഗ്യ ദൗത്യത്തിന്റെ ഫണ്ട് ചെലവഴിക്കുന്നതിന്റെ മാനദണ്ഡം വ്യക്തമാക്കാമോ;

(ഡി) മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി ഫണ്ട് ചെലവഴിച്ചു എന്ന ആക്ഷേപം ശ്രദ്ധയിലുണ്ടോ; എങ്കിൽ വിശദീകരണം നൽകാമോ?

## കേരള നിയമസഭ
## 02.07.2014-ലെ മറുപടിക്ക്

എന്‍. ആര്‍. എച്ച്. എം. ചിറയിന്‍കീഴ് നിയോജകമണ്ഡലത്തിലെ ആശുപത്രികള്‍ക്കായി ചെലവഴിച്ച തുക

5571 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) എന്‍. ആര്‍. എച്ച്. എം. പദ്ധതിയില്‍ ഉള്‍പ്പെടുത്തി ചിറയിന്‍കീഴ് നിയോജകമണ്ഡലത്തിലെ ആശുപത്രികള്‍ക്കായി എത്ര തുക ചെലവഴിച്ചു;

(ബി) ആശുപത്രികളുടെ നവീകരണത്തിനായി 2011-12, 2012-13, 2013-14 വര്‍ഷങ്ങളില്‍ എത്ര തുക വിവിധ ശീര്‍ഷകങ്ങളിലായി ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 02.07.2014-ലെ മറുപടിക്ക്

<u>എൻ.ആർ.എച്ച്.എം. ഫണ്ടിൽനിന്നും ചെലവഴിച്ച തുക</u>

5572 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര നിയോജകമണ്ഡലത്തിലെ ആശുപത്രികൾക്കായി എൻ.ആർ.എച്ച്.എം. ഫണ്ടിൽനിന്നും എത്ര തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ;

(ബി) എൻ.ആർ.എച്ച്.എം. ഫണ്ട് ഉപയോഗിച്ച് മാവേലിക്കര നിയോജകമണ്ഡലത്തിലെ ആശുപത്രികളിൽ നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കുമോ;

(സി) ആശുപത്രികളുടെ നവീകരണത്തിനായി 2013-14-ൽ മാവേലിക്കരയിൽ എൻ.ആർ.എച്ച്.എം. ഫണ്ടിൽനിന്നും ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 02.07.2014-ലെ മറുപടിക്ക്

<u>കുന്നംകുളം ഗവൺമെന്റ് താലൂക്കാശുപത്രിക്ക് അനുവദിച്ച എൻ. ആർ. എച്ച്. എം-ന്റെ ഫണ്ട്</u>

5573 ശ്രീ.ബാബു. എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ല-കുന്നംകുളം ഗവൺമെന്റ് താലൂക്ക് ആശുപത്രിക്ക് 2011-12, 2012-13, 2013-14 സാമ്പത്തിക വർഷങ്ങളിൽ എൻ. ആർ. എച്ച്. എം-ന്റെ ഫണ്ട് അനുവദിച്ചിരുന്നോ;

(ബി) ഉണ്ടെങ്കിൽ എത്ര രൂപ ഓരോ സാമ്പത്തിക വർഷവും അനുവദിച്ചു നൽകി; ഓരോവർഷത്തെയും വിശദാംശം പ്രത്യേകം വ്യക്തമാക്കാമോ;

(സി) ഇത്രയും തുക ഏതെല്ലാം പദ്ധതികൾക്കും ആവശ്യങ്ങൾക്കും ആണ് ഓരോ വർഷവും ചെലവഴിച്ചത്; വിശദാംശം ഓരോ വർഷത്തേയും പ്രത്യേകമായി വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 02.07.2014-ലെ മറുപടിക്ക്

<u>അട്ടപ്പാടി മേഖലയിൽ നിയമവിരുദ്ധമായ വന്ധ്യംകരണ ശസ്ത്രക്രിയ</u>

5574 ശ്രീ. കെ. വി. വിജയദാസ്
ശ്രീമതി. കെ. എസ്. സലീഖ
ശ്രീ. വി. ചെന്താമരാക്ഷൻ
,, ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടി മേഖലയിൽ പട്ടികവർഗ്ഗ വിഭാഗങ്ങൾക്കിടയിൽ നടത്തിയിട്ടുള്ള നിയമവിരുദ്ധമായ വന്ധ്യംകരണ ശസ്ത്രക്രിയ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ബി) ഏതെല്ലാം വിഭാഗങ്ങൾക്കിടയിലാണ് ഇത് നടത്തിയിട്ടുള്ളത് ; സ്ത്രീകൾക്കു പുറമേ പുരുഷൻമാർക്കിടയിലും ഇത് നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(സി) പട്ടികവർഗ്ഗ വിഭാഗങ്ങൾക്കിടയിൽ വന്ധ്യംകരണ ശസ്ത്രക്രിയ നടത്തുവാനുണ്ടായ സാഹചര്യം വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 02.07.2014-ലെ മറുപടിക്ക്

<u>അട്ടപ്പാടിയിൽ എൻ.ആർ.എച്ച്.എം.നടത്തിയ സർവ്വേ</u>

5575 ശ്രീ. എ.കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടിയിൽ ആദിവാസി കുട്ടികളിൽ പോഷകാഹാരക്കുറവുമൂലമുള്ള ആരോഗ്യപ്രശ്നങ്ങളെക്കുറിച്ച് എൻ.ആർ.എച്ച്.എം. ഈ വർഷം സർവ്വേ നടത്തിയിരുന്നോ; എങ്കിൽ എന്തായിരുന്നു സർവ്വേയിലെ കണ്ടെത്തലെന്ന് വെളിപ്പെടുത്തുമോ;

(ബി) കുട്ടികൾ, പോഷകാഹാരക്കുറവുമൂലമുള്ള ഗുരുതര ആരോഗ്യ പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ; എത്ര കുട്ടികളിലാണ് ആരോഗ്യ പ്രശ്നങ്ങൾ കണ്ടെത്തിയിട്ടുള്ളത്; കണ്ടെത്തലുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ഏതെല്ലാം ഊരുകളിലെ എത്ര കുട്ടികളെയാണ് പരിശോധനയ്ക്ക് വിധേയമാക്കിയത്; ഏതെല്ലാം പ്രായത്തിലുള്ള കുട്ടികളെയാണ് പരിശോധിച്ചതെന്ന് വിശദമാക്കുമോ;

(ഡി) ഇതിന് മുമ്പ് അട്ടപ്പാടിയിൽ എൻ.ആർ.എച്ച്.എം. കുട്ടികളിലെ പോഷകാഹാര പ്രശ്നങ്ങളെക്കുറിച്ച് സർവ്വേ നടത്തിയത് എപ്പോഴായിരുന്നു; അന്നത്തെ കണ്ടെത്തൽ എന്തായിരുന്നു; വിശദാംശങ്ങൾ നൽകുമോ?

# കേരള നിയമസഭ
# 02.07.2014-ലെ മറുപടിക്ക്

അട്ടപ്പാടിയിലെ ശിശുമരണങ്ങൾ
തടയാൻ നടപടി

5576 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടി ആദിവാസി മേഖലയിലെ ശിശുമരണങ്ങളെക്കുറിച്ച് ദേശീയ ഗ്രാമീണ ആരോഗ്യ ദൗത്യം (എൻ.ആർ.എച്ച്.എം) തയ്യാറാക്കിയ സർവ്വേ റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത സർവ്വേ പ്രകാരം പോഷണക്കുറവ് ഉള്ളവരിൽ എത്ര കുട്ടികളുടെ സ്ഥിതിയാണ് ഗുരുതരാവസ്ഥയിൽ; ഏതു സമയത്തും ഈ അവസ്ഥയിൽ എത്താവുന്ന കുട്ടികളുടെ എണ്ണം എത്രയെന്നാണ് സർവ്വേ സൂചിപ്പിക്കുന്നത്; വിശദാംശം വ്യക്തമാക്കുമോ;

(സി) അട്ടപ്പാടി ആദിവാസി മേഖലയിൽ അഞ്ചു വയസ്സിന് താഴെ എത്ര കുട്ടികളുണ്ടെന്നാണ് ആരോഗ്യവകുപ്പ് കണക്കാക്കുന്നത്; ഇതിൽ എത്ര കുട്ടികളെ നേരിട്ട് കണ്ടാണ് എൻ.ആർ.എച്ച്.എം സർവ്വേ നടത്തിയത്; വ്യക്തമാക്കുമോ;

(ഡി) മുലയൂട്ടുന്ന അമ്മമാർക്കും, ഗർഭിണികൾക്കും, നവജാതശിശുക്കൾക്കും, അഞ്ചു വയസ്സിന് താഴെയുള്ള കുട്ടികൾക്കും, 18 വയസ്സിനു താഴെയുള്ള പെൺകുട്ടികൾക്കുമായി അട്ടപ്പാടി ആദിവാസി മേഖലയിൽ ആരോഗ്യവകുപ്പ് എന്തൊക്കെ ക്ഷേമപദ്ധതികളാണ് നിലവിൽ നടപ്പിലാക്കി വരുന്നത്; വിശദാംശം ലഭ്യമാക്കുമോ;

(ഇ) പ്രസ്തുത പദ്ധതികൾക്ക് വകുപ്പ് 2011-12, 2012-13, 2013-14 സാമ്പത്തിക വർഷങ്ങളിൽ എന്തു തുക മാറ്റി വച്ചിരുന്നു; ആയതിൽ ഓരോ വർഷവും എന്തു തുക ചെലവഴിച്ചു; എത്ര തുക ഓരോ വർഷവും ലാപ്സായി; വ്യക്തമാക്കുമോ;

# കേരള നിയമസഭ
## 02.07.2014-ലെ മറുപടിക്ക്

(എഫ്) ആരോഗ്യവകുപ്പിന്റെ ഇത്തരം പദ്ധതികളുടെ പ്രയോജനം പൂർണ്ണമായി അട്ടപ്പാടി ആദിവാസി മേഖലയിലുള്ളവർക്ക് കിട്ടുന്നില്ലായെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ജി) എങ്കിൽ അട്ടപ്പാടി ആദിവാസി മേഖലയിലെ കുട്ടികൾക്കും ഗർഭിണികൾക്കും ഏറ്റവും വേഗത്തിലും, തുടർച്ചയായും മരുന്നും പോഷകാഹാരവും ഉറപ്പ് വരുത്താനുള്ള കാര്യക്ഷമമായ നടപടികൾ അടിയന്തരമായി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 02.07.2014-ലെ മറുപടിക്ക്

<u>കോട്ടൺഹിൽ സ്കൂളിൽ സർക്കാർ ഡിസ്പെൻസറി</u>

5577 ശ്രീ. എം.പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്തെ കോട്ടൺഹിൽ ഗവ. ഹയർ സെക്കന്ററി സ്കൂളിൽ സർക്കാർ ഡിസ്പെൻസറി സ്ഥാപിക്കുമോ;

(ബി) ആയിരത്തിലധികം കുട്ടികൾ പഠിക്കുന്ന സർക്കാർ സ്ഥാപനങ്ങളിൽ സർക്കാർ ക്ലിനിക് തുടങ്ങുന്നത് പരിഗണിക്കുമോ?

# കേരള നിയമസഭ
## 02.07.2014-ലെ മറുപടിക്ക്

<u>താലൂക്ക് ആശുപത്രി നിലവാരത്തിലേക്ക്
ഉയർത്തിയ ആരോഗ്യകേന്ദ്രങ്ങൾ</u>

5578 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം എത്ര ആരോഗ്യകേന്ദ്രങ്ങളെ താലൂക്ക് ആശുപത്രി നിലവാരത്തിലേക്ക് ഉയർത്തി എന്ന് വിശദമാക്കുമോ;

(ബി) ഇവയിൽ ഏതെല്ലാമാണ് താലൂക്ക് ആസ്ഥാനത്ത് സ്ഥിതി ചെയ്യുന്നത് എന്ന് വ്യക്തമാക്കാമോ;

(സി) ഇവയിൽ ഓരോന്നിനും നിലവിൽ എന്തെല്ലാം സൗകര്യങ്ങൾ ഉണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) കൊണ്ടോട്ടി സി. എച്ച്. സി താലൂക്ക് ആശുപത്രിയായി ഉയർത്തുന്നത് സംബന്ധിച്ച് എന്തെല്ലാം റിപ്പോർട്ടുകൾ ലഭിച്ചു; അതിന്റെ കോപ്പി സഹിതം വിശദമാക്കുമോ;

(ഇ) ഇവിടെ സ്പെഷ്യലിസ്റ്റുകളുടെ തസ്തികകൾ സൃഷ്ടിക്കുന്നതിന് തിരഞ്ഞെടുത്ത ആശുപത്രികളുടെ ലിസ്റ്റിൽ ഇത് ഉൾപ്പെട്ടിട്ടുണ്ടോ;

(എഫ്) താലൂക്ക് ആശുപത്രിക്കായുള്ള തസ്തികകൾ എന്നത്തേക്ക് സൃഷ്ടിക്കാനാകും?

# കേരള നിയമസഭ
# 02.07.2014-ലെ മറുപടിക്ക്

<u>ചേലക്കര സാമൂഹികാരോഗ്യ കേന്ദ്രത്തെ താലൂക്ക് ആശുപത്രിയായി ഉയർത്താൻ നടപടി</u>

5579 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചേലക്കര മണ്ഡലത്തിലെ ചേലക്കര സാമൂഹികാരോഗ്യ കേന്ദ്രത്തെ താലൂക്ക് ആശുപത്രിയുടെ പദവിയിലേക്കുയർത്തിയിട്ടുള്ളതായി അറിയുമോയെന്നു വ്യക്തമാക്കുമോ;

(ബി) അതനുസരിച്ച് ഡോക്ടർമാർ തുടങ്ങി വിവിധ തസ്തികകളിൽ ഉണ്ടായിരിക്കേണ്ട ജീവനക്കാരുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കുമോ;

(സി) എന്നാൽ ഇപ്പോൾ വിവിധ തസ്തികകളിൽ എത്ര ജീവനക്കാരുണ്ടെന്നും എത്ര ഒഴിവുകളാണുള്ളതെന്നും പറയാമോ;

(ഡി) താലൂക്കാശുപത്രിയായി ഉയർത്തിയ സാഹചര്യത്തിലും ഒ.പി, ഐ.പി, രോഗികളുടെ വർദ്ധനവ് കണക്കിലെടുത്തും ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുകയും ഒഴിവുകൾ നികത്തുകയും ചെയ്യാൻ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 02.07.2014-ലെ മറുപടിക്ക്

തൃക്കാക്കര പി.എച്ച്. ആശുപത്രി താലൂക്ക് ആശുപത്രിയായി ഉയർത്തുന്നതിന് നടപടി

5580 ശ്രീ. ബെന്നി ബെഹനാൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൃക്കാക്കര പി.എച്ച്. ആശുപത്രി താലൂക്ക് ആശുപത്രിയായി ഉയർത്തേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ പി.എച്ച്. സെന്റർ താലൂക്ക് ആശുപത്രിയായി ഉയർത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കുമോ;

(സി) എങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) തൃക്കാക്കരയിൽ ജില്ലാ ഹോമിയോ ആശുപത്രി തുടങ്ങുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിക്കുമോ;

(ഇ) ഇതിനെക്കുറിച്ച് എന്തെങ്കിലും തീരുമാനങ്ങൾ എടുത്തിട്ടുണ്ടോ?

## കേരള നിയമസഭ
## 02.07.2014-ലെ മറുപടിക്ക്

മൊറയൂര്‍ പ്രാഥമികാരോഗ്യ കേന്ദ്രം അപ്ഗ്രേഡ് ചെയ്യാന്‍ നടപടി

5581 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) മലപ്പുറം മണ്ഡലത്തിലെ മൊറയൂര്‍ പ്രാഥമിക ആരോഗ്യ കേന്ദ്രം അപ്ഗ്രേഡ് ചെയ്യുന്നത് സംബന്ധിച്ച നടപടികള്‍ ഇപ്പോള്‍ ഏതു ഘട്ടത്തിലാണ്; വിശദാംശം നല്‍കുമോ;

(ബി) ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റില്‍ നിലവിലുള്ള PL B3/44393/2013 നമ്പര്‍ ഫയലില്‍ എന്തെല്ലാം നടപടികള്‍ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 02.07.2014-ലെ മറുപടിക്ക്

108 ആംബുലൻസുകളുടെ പ്രവർത്തനം

5582 ശ്രീ. എൻ.എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര 108 ആംബുലൻസുകൾ സർവ്വീസ് നടത്തുന്നതിനായി നിരത്തിലിറക്കി; ഇവയിൽ എത്ര എണ്ണം നിലവിൽ സർവ്വീസ് നടത്തുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ബാക്കിയുള്ളവയുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ;

(സി) സർവ്വീസ് നടത്തുന്ന ടി ആംബുലൻസുകൾ എല്ലാം ഫിറ്റ്നസ് സർട്ടിഫിക്കറ്റ് കൈവശമുള്ളവയാണോയെന്നു വെളിപ്പെടുത്തുമോ;

(ഡി) മറ്റ് പാസഞ്ചർ വാഹനങ്ങൾക്ക് ഫിറ്റ്നസ് ലഭിക്കാൻ വേണ്ട വ്യവസ്ഥയിൽ എന്തെങ്കിലും ഇളവുകൾ ഇവയ്ക്ക് അനുവദിച്ചിട്ടുണ്ടോ; എങ്കിൽ അത് എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ഇ) നിലവിൽ സർവ്വീസ് നടത്തുന്ന ഈ വാഹനങ്ങളിൽ പലതും അപകടാവസ്ഥയിലാണെന്ന റിപ്പോർട്ടുകൾ ശ്രദ്ധിച്ചിട്ടുണ്ടോ; എങ്കിൽ ഇതേ കുറിച്ച് അന്വേഷിച്ചിട്ടുണ്ടോ; സ്വീകരിച്ച നടപടികൾ വിശദമാക്കുമേ?

# കേരള നിയമസഭ
# 02.07.2014-ലെ മറുപടിക്ക്

<u>108 ആംബുലൻസ്</u>

5583 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുതുതായി 108 ആംബുലൻസുകൾ വാങ്ങുവാൻ ഗവൺമെന്റ് അനുമതി നൽകിയിട്ടുണ്ടോ;

(ബി) എത്ര ആംബുലൻസുകൾ വാങ്ങാനാണ് അനുമതി നൽകിയിട്ടുള്ളത്;

(സി) ഏതു തരത്തിലുള്ള ആംബുലൻസുകളാണ് വാങ്ങുന്നതെന്നും പ്രസ്തുത ആംബുലൻസുകൾ വാങ്ങാൻ തീരുമാനമെടുത്ത കമ്മിറ്റിയിൽ ആരെല്ലാം ഉൾപ്പെട്ടിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 02.07.2014-ലെ മറുപടിക്ക്

<u>പ്രാഥമിക ചികിത്സാ കേന്ദ്രങ്ങളിലെ ലബോറട്ടറികൾ</u>

5584 ശ്രീ. കെ. അച്ചുതൻ
,, പി.എ. മാധവൻ
,, എം.പി. വിൻസെന്റ്
,, എ.റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രാഥമിക ചികിത്സാ കേന്ദ്രങ്ങളിൽ ലബോറട്ടറികൾ സജ്ജീകരിക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ലബോറട്ടറികളിൽ എന്തെല്ലാം കാര്യങ്ങൾ പരിശോധിക്കുന്നതിനാണ് സൗകര്യമൊരുക്കിയിട്ടുള്ളത്; വിശദമാക്കുമോ;

(ഡി) ഇത് നടപ്പാക്കുന്നതിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
# 02.07.2014-ലെ മറുപടിക്ക്

<u>മനുഷ്യരിലെ മരുന്നു പരീക്ഷണത്തിന് നിയന്ത്രണം</u>

5585 ശ്രീ. ജോസഫ് വാഴക്കൻ
,, വർക്കല കഹാർ
,, പാലോട് രവി
,, തേറമ്പിൽ രാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മനുഷ്യരിൽ മരുന്ന് പരീക്ഷണത്തിന് നിയന്ത്രണം ഏർപ്പെടുത്തുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിനായി മരുന്ന് പരീക്ഷണം നടത്തുന്ന സ്ഥാപനങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്താനുദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) നിയന്ത്രണത്തിനായി എന്തെല്ലാം വ്യവസ്ഥകളാണ് കൊണ്ടുവരാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) മരുന്ന് പരീക്ഷണത്തിനുള്ള അധികാരം ആർക്കാണ് നൽകാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 02.07.2014-ലെ മറുപടിക്ക്

<u>സ്വകാര്യ ചികിത്സാ മേഖലയിലെ ചൂഷണം</u>

5586 ശ്രീ. സി. മമ്മൂട്ടി
,, പി. ഉബൈദുള്ള
,, റ്റി.എ. അഹമ്മദ് കബീർ
,, എൻ. ഷംസുദ്ദീൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ചികിത്സാ മേഖലയുടെ ചൂഷണം ദിനംപ്രതി വർദ്ധിച്ചുവരുന്ന കാര്യം ശ്രദ്ധയിൽവന്നിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ചികിത്സാ സൗകര്യങ്ങളുടെയും നിരക്കിന്റെയും കാര്യത്തിൽ എന്തെങ്കിലും മാനദണ്ഡം നിലവിലുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) അടിയന്തിര ഘട്ടങ്ങളിലായാലും അല്ലെങ്കിലും സ്വകാര്യ ആശുപത്രികളിൽ പ്രവേശിപ്പിക്കാൻ നിർബന്ധിതരാകുന്ന രോഗികളെ അനാവശ്യ പരിശോധനകൾ, സേവനങ്ങൾ, ചികിത്സകൾ എന്നിവ മുഖേന ചൂഷണം ചെയ്യപ്പെടുന്നത് നിയന്ത്രിക്കാൻ എന്തെങ്കിലും നടപടികൾ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 02.07.2014-ലെ മറുപടിക്ക്

<u>ആശുപത്രികളിലെ കേടായ ഉപകരണങ്ങൾ</u>

5587 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികളിൽ കേടായികിടക്കുന്ന ഉപകരണങ്ങൾ പ്രവർത്തനക്ഷമമാക്കുവാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ബി) ഇപ്പോൾ ഓരോ ജില്ലയിലും കേടായികിടക്കുന്ന പ്രധാന പരിശോധനാ ഉപകരണങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(സി) നിരന്തരമായി ആശുപത്രികളിലെ ആധുനിക ഉപകരണങ്ങൾ കേടുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇത്തരത്തിൽ തുടർച്ചയായി ഉപകരണങ്ങൾ കേടുവരുന്നതിന്റെ കാരണത്തെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ ?

# കേരള നിയമസഭ
# 02.07.2014-ലെ മറുപടിക്ക്

<u>അങ്കമാലി സർക്കാർ ആശുപത്രിയിലെ വൈദ്യുതി ചാർജ്ജ് കുടിശ്ശിക</u>

5588 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അങ്കമാലി സർക്കാർ ആശുപത്രി, വൈദ്യുതി ചാർജ്ജ് ഇനത്തിൽ എത്ര രൂപ കുടിശ്ശിക വരുത്തിയിട്ടുണ്ട്;

(ബി) ഈ കുടിശ്ശിക തുക അടച്ചുതീർക്കാൻ എന്ത് നടപടി യാണ് സ്വീകരിച്ചിട്ടുള്ളത് ;

(സി) ഈ തുക എന്നത്തേയ്ക്ക് അടച്ച് തീർക്കാൻ സാധിക്കു മെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 02.07.2014-ലെ മറുപടിക്ക്

പി. എച്ച്. സി. കളിലെ തസ്തികകളും പ്രവർത്തനസമയവും

5589 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പി. എച്ച്. സി. കളിൽ ഡോക്ടർമാരുടെ എത്ര തസ്തികകൾ ആണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തെ പി. എച്ച്. സി. കളിൽ നഴ്സുമാരുടെയും, മറ്റ് പാരാമെഡിക്കൽ സ്റ്റാഫംഗങ്ങളുടെയും എത്ര തസ്തികകൾ വീതം അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) നിലവിൽ പി. എച്ച്. സി. കൾ എത്ര സമയം പ്രവർത്തിക്കുവാനാണ് നിർദ്ദേശം നൽകിയിരിക്കുന്നത്;

(ഡി) പി. എച്ച്. സി. കളുടെ പ്രവർത്തനസമയം 24 മണിക്കൂറായി വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ; എങ്കിൽ അതിനുള്ള നടപടിക്രമങ്ങൾ എന്നു പൂർത്തിയാക്കും എന്ന് വിശദമാക്കാമോ;

(ഇ) പി. എച്ച്. സി. കളിൽ മുഴുവൻസമയ ഡോക്ടർമാരെ നിയമിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 02.07.2014-ലെ മറുപടിക്ക്

ആരോഗ്യവകുപ്പിലെ ജീവനക്കാരുടെ വർക്കിംഗ് അറേഞ്ച്മെന്റ്

5590 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആരോഗ്യവകുപ്പിലെ ഡോക്ടർമാർ ഉൾപ്പെടെയുള്ള ജീവനക്കാർക്ക് വർക്കിംഗ് അറേഞ്ച്മെന്റ് നൽകുന്ന കാര്യത്തിൽ എന്തെങ്കിലും മാനദണ്ഡം നിശ്ചയിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(ബി) നിലവിൽ വർക്കിംഗ് അറേഞ്ച്മെന്റ് നൽകിയതുമായി ബന്ധപ്പെട്ട് വല്ല ആക്ഷേപവും നിലവിലുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വർക്കിംഗ് അറേഞ്ച്മെന്റ് നൽകുന്നതിൽ എന്തെങ്കിലും നിയന്ത്രണം ഏർപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിരുന്നുവോ; പ്രസ്തുത ഉത്തരവിന് വിരുദ്ധമായി വർക്കിംഗ് അറേഞ്ച്മെന്റ് നൽകിയിട്ടുണ്ടോ; അത് സംബന്ധിച്ച് വല്ല അന്വേഷണവും നടക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ഡി) ഡോക്ടർമാരുടേയും മറ്റും നൈറ്റ് ഡ്യൂട്ടി സംബന്ധിച്ച് നിലവിലുള്ള നിർദ്ദേശങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 02.07.2014-ലെ മറുപടിക്ക്

<u>കുന്നംകുളം ഗവ:താലൂക്ക് ആശുപത്രിയിൽ ഒഴിവുള്ള ഡോക്ടർമാരുടെ തസ്തിക</u>

5591 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുന്നംകുളം ഗവൺമെന്റ് താലൂക്ക് ആശുപത്രിയിൽ ഏതെല്ലാം സ്പെഷ്യാലിറ്റി കേഡർ ഡോക്ടർമാരുടെ തസ്തികകളാണ് ഒഴിഞ്ഞു കിടക്കുന്നത്;

(ബി) ഏതെല്ലാം പാരാമെഡിക്കൽ സ്റ്റാഫിന്റെ തസ്തികകളാണ് ഒഴിഞ്ഞുകിടക്കുന്നത് ;

(സി) പനി മുതലായ മഴക്കാലരോഗങ്ങൾ പടർന്നുപിടിയ്ക്കുന്നതു കണക്കിലെടുത്ത് ഡോക്ടർമാരുടെയും പാരാമെഡിക്കൽ സ്റ്റാഫിന്റെയും ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ നികത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 02.07.2014-ലെ മറുപടിക്ക്

<u>മല്ലപ്പള്ളി താലൂക്ക് ആശുപത്രിയിലെ ഒഴിവുകൾ</u>

5592 ശ്രീ. മാത്യു. റ്റി. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മല്ലപ്പള്ളി താലൂക്ക് ആശുപത്രിയിൽ ഡോക്ടർമാരുടെയും ജീവനക്കാരുടെയും തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**
**02.07.2014-ലെ മറുപടിക്ക്**

<u>കാസർഗോഡ് ജില്ലയിലെ ഡോക്ടർമാരുടെ ഒഴിവുകൾ</u>

5593 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ഡോക്ടർമാരുടെ എത്ര തസ്തികകൾ ഒഴിഞ്ഞുകിടപ്പുണ്ട്; വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) പി.എസ്.സി മുഖേന നിയമന ഉത്തരവ് നൽകിയാലും ജില്ലയിൽ ജോലി ചെയ്യാൻ ഡോക്ടർമാർക്കുള്ള വിമുഖത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തെങ്കിലും തരത്തിലുള്ള പ്രത്യേക ആനുകൂല്യങ്ങൾ ഈ ജില്ലയിൽ ജോലിക്ക് വരാൻ തയ്യാറുള്ള ഡോക്ടർമാർക്ക് നൽകുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ അറിയിക്കുമോ?

# കേരള നിയമസഭ
# 02.07.2014-ലെ മറുപടിക്ക്

<u>മാറഞ്ചേരി സി. എച്ച്. സി. യിൽ നിലവിലുള്ള ഡോക്ടർമാർ</u>

5594 ശ്രീ.പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊന്നാനി മണ്ഡലത്തിലെ മാറഞ്ചേരി സി. എച്ച്. സി. യിൽ ഡോക്ടർമാരുടെ എത്ര തസ്തികകളാണ് നിലവിലുളളത് എന്നും ഏതൊക്കെ വിഭാഗങ്ങളാണ് എന്നും വിശദമാക്കുമോ;

(ബി) പ്രസ്തുത ആശുപത്രിയിൽ ജൂനിയർ കൺസൾട്ടന്റ്- ജനറൽ മെഡിസിൻ, പീഡിയാട്രിക്സ്, ഗൈനക്കോളജി, ഓർത്തോപീഡിക്സ് എന്നീ തസ്തികകൾ നിലവിലുണ്ടോ;

(സി) ഇല്ലെങ്കിൽ സി. എച്ച്. സി. കളിൽ ഇത്തരം തസ്തികകൾ അനുവദിക്കുന്നതിന് തടസ്സമുണ്ടോ;

(ഡി) എങ്കിൽ പെരുമ്പടപ്പ് ബ്ലോക്ക് പരിധിയിലെ ജനങ്ങളുടെ ആശ്രയ കേന്ദ്രമായ ഇവിടെ മേൽപറഞ്ഞ തസ്തികകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 02.07.2014-ലെ മറുപടിക്ക്

<u>കേശവപുരം സി.എച്ച്.സി.യിലെ സ്പെഷ്യാലിറ്റി യൂണിറ്റ്</u>

5595 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേശവപുരം സി.എച്ച്.സി.യിൽ നം. 1669/2014/ആ. കു.വ. തീയതി 26.05.2014 പ്രകാരമുള്ള സ്പെഷ്യാലിറ്റി യൂണിറ്റോടുകൂടിയ ചികിത്സാ സംവിധാനം എന്ന് മുതൽ നടപ്പിലാക്കുവാനാണ് തീരുമാനിച്ചിട്ടുള്ളത്;

(ബി) ഇതിലേയ്ക്ക് ഡോക്ടർമാർ ഉൾപ്പെടെ എത്ര തസ്തികകളാണ് പുതിയതായി സൃഷ്ടിക്കേണ്ടിവരിക; തസ്തികയുടെ പേരും എണ്ണവും വ്യക്തമാക്കാമോ;

(സി) കേശവപുരം സി.എച്ച്.സി.യിൽ സ്പെഷ്യാലിറ്റി യൂണിറ്റോടുകൂടിയ ചികിത്സാ സംവിധാനം ഏർപ്പെടുത്തുമ്പോൾ പുതിയതായി എന്തെല്ലാം സജ്ജീകരണങ്ങളാണ് ഒരുക്കേണ്ടിവരിക; ഇതിനായി എന്ത് തുക ചെലവഴിക്കേണ്ടിവരും;

(ഡി) ഇതിനായുള്ള ഫണ്ട് എവിടെ നിന്നാണ് ലഭ്യമാക്കുക?

# കേരള നിയമസഭ
## 02.07.2014-ലെ മറുപടിക്ക്

കൊട്ടാരക്കര നിയോജകമണ്ഡലത്തിലെ പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ ഒഴിവുകൾ

5596 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര നിയോജകമണ്ഡലത്തിലെ പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളിലും സാമൂഹിക ആരോഗ്യകേന്ദ്രങ്ങളിലും അനുവദനീയമായ ഡോക്ടർമാരുടെയും മറ്റ് ജീവനക്കാരുടെയും തസ്തികകൾ എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത തസ്തികകളിൽ ജോലി ചെയ്യുന്നവരുടെയും ഒഴിവുകളുടെയും കണക്ക് വെളിപ്പെടുത്തുമോ;

(സി) ഒഴിവുള്ള തസ്തികകളിൽ നിയമനം നടത്തുന്നതിനും ഡോക്ടർമാർ കുറവുള്ള കേന്ദ്രങ്ങളിൽ അടിയന്തരമായി ഡോക്ടർമാരെ നിയമിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 02.07.2014-ലെ മറുപടിക്ക്

<u>പൊന്നാനി താലൂക്ക് ആശുപത്രിയിൽ ഡോക്ടർമാരില്ലാത്ത അവസ്ഥ</u>

5597 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തീരദേശ മേഖലയിലെ ഒന്നരലക്ഷത്തോളം ജനങ്ങളുടെ ഏക ആശ്രയമായ പൊന്നാനി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ ഡോക്ടർമാരില്ലാത്തതുമൂലം രോഗികൾ ബുദ്ധിമുട്ടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഒരു ഡോക്ടർ ഒ.പി.യിൽ 350-400 രോഗികളെ പരിശോധിക്കേണ്ട അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ പകർച്ചവ്യാധികൾ പടർന്നുപിടിക്കുന്ന ഈ സമയത്ത് ആവശ്യത്തിന് ഡോക്ടർമാരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) പ്രസ്തുത ആശുപത്രിയിൽ കാലാകാലങ്ങളായി ഫിസിഷ്യന്റെ സേവനം ലഭ്യമല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(ഇ) ജൂനിയർ കൺസൾട്ടന്റ് ഫിസിഷ്യൻ തസ്തിക പ്രസ്തുത ആശുപത്രിയിലേക്ക് അനുവദിച്ചിട്ടുണ്ടോ;

(എഫ്) ഇല്ലായെങ്കിൽ ഒന്നിൽകൂടുതലുള്ള ജൂനിയർ കൺസൾട്ടന്റ് പീഡിയാട്രീഷ്യൻ തസ്തികകളിൽ ഒരെണ്ണം ജൂനിയർ കൺസൾട്ടന്റ് ഫിസിഷ്യൻ ആക്കിമാറ്റുന്നതിന് നടപടി സ്വീകരിക്കുമോ;

(ജി) ഇതിനായി സ്ഥലം എം.എൽ.എയും ആശുപത്രി അധികാരികളും നൽകിയ അപേക്ഷ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എച്ച്) എങ്കിൽ പ്രസ്തുത അപേക്ഷയിൽ ഉടനെ നടപടി സ്വീകരിക്കാമോ?

# കേരള നിയമസഭ
## 02.07.2014-ലെ മറുപടിക്ക്

<u>തിരുവല്ല താലൂക്ക് ആശുപത്രിയിലെ ഒഴിവുകൾ</u>

5598 ശ്രീ. മാത്യു റ്റി. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവല്ല താലൂക്ക് ആശുപത്രിയിൽ ഡോക്ടർമാരുടെ ഒഴിവുകൾ ഉൾപ്പെടെ എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് വിശദമാക്കാമോ;

(ബി) മഴക്കാല രോഗങ്ങളുടെ സാധ്യത കണക്കിലെടുത്ത് ഒഴിവുകൾ നികത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 02.07.2014-ലെ മറുപടിക്ക്

<u>വലപ്പാട് സർക്കാർ ആശുപത്രിയിലെ ഡോക്ടർമാരുടെ നിയമനം</u>

5599 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നാട്ടിക നിയോജകമണ്ഡലത്തിൽ വലപ്പാട് സർക്കാർ ആശുപത്രിയിൽ ആവശ്യമായ ഡോക്ടർമാരുടെയും അനുബന്ധ ജീവനക്കാരുടെയും എണ്ണം എത്രയെന്ന് വിശദമാക്കുമോ;

(ബി) ഈ ആശുപത്രിയിൽ ഏതെല്ലാം തസ്തികകളിലാണ് റഗുലർ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കിയിട്ടുള്ളതെന്നും, ടി തസ്തികകളിൽ ഇപ്പോൾ ടി ഡോക്ടർമാരുടെ സേവനം ലഭ്യമാണോയെന്നും വിശദീകരിക്കുമോ;

(സി) ഒഴിഞ്ഞുകിടക്കുന്ന തസ്തികകളിൽ ഡോക്ടർമാരെ നിയമിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ എത്രയുംവേഗം നിയമനം നടത്തുമോ എന്നും അറിയിക്കുമോ:

(ഡി) പ്രസ്തുത ആശുപത്രിയിൽ നിലവിലുള്ള എല്ലാ തസ്തികകളിലും ജീവനക്കാരെ നിയമിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഇ) ഡോക്ടർമാരുടെയും അനുബന്ധ ജീവനക്കാരുടെയും ഒഴിവുകളിൽ താല്ക്കാലികാടിസ്ഥാനത്തിൽ നിയമനം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ സ്ഥിരം നിയമനം നടത്തുന്നതുവരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി ജീവനക്കാരെ നിയമിക്കുമോ;

(എഫ്) ഒരു സർക്കാർ ആശുപത്രിയിൽ ഇത്രയധികം തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നതിനും നിയമനത്തിന് കാലതാമസം നേരിടുന്നതിനും കാരണം വിശദീകരിക്കുമോ?

# കേരള നിയമസഭ
# 02.07.2014-ലെ മറുപടിക്ക്

<u>നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ ഒ. പി. വിഭാഗത്തിൽ ചികിത്സയ്ക്കായി എത്തുന്നവർ</u>

5600 ശ്രീ. ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ നിത്യവും എത്ര രോഗികളാണ് ഒ. പി. വിഭാഗത്തിൽ ചികിത്സയ്ക്കായി എത്തുന്നതെന്നുള്ള വിശദാംശം ലഭ്യമാക്കുമോ;

(ബി) നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ 24 മണിക്കൂറും രോഗികളെ പരിശോധിക്കാൻ ഡോക്ടർമാരെ നിയോഗിച്ചിട്ടുണ്ടോ; ഒ. പി. വിഭാഗത്തിൽ എത്ര ഡോക്ടർമാരെയാണ് രാവിലെയും വൈകുന്നേരവും ഡ്യൂട്ടിക്കായി നിയോഗിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) ഒ. പി. യിൽ വരുന്ന രോഗികളെ മണിക്കൂറുകളോളം ക്യൂവിൽ നിർത്തി മനഃപൂർവ്വം ബുദ്ധിമുട്ടിക്കാൻ ശ്രമിക്കുന്നുവെന്ന പരാതി ആശുപത്രി സൂപ്രണ്ടിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ഡി) ഒ. പി. യിൽ വരുന്ന രോഗികൾ മണിക്കൂറുകളോളം ക്യൂവിൽ നിൽക്കുന്നത് പരിഹരിക്കാൻ സൂപ്രണ്ട് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ഇ) ഒ. പി. യിലെ നീണ്ട ക്യൂ കാരണം രോഗികൾക്കുണ്ടാവുന്ന ബുദ്ധിമുട്ട് പരിഹരിക്കുന്നതിലേയ്ക്കായി കൂടുതൽ ഡോക്ടർമാരെ ഡ്യൂട്ടിക്കായി നിയോഗിക്കാമോ; വിശദാംശം ലഭ്യമാക്കാമോ;

(എഫ്) ഐ. പി. വിഭാഗത്തിൽ ദിവസേന എത്ര രോഗികളാണ് ചികിത്സയ്ക്കായി എത്തുന്നതെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 02.07.2014-ലെ മറുപടിക്ക്

<u>ആലത്തൂർ താലൂക്ക് ഹെഡ്ക്വാർട്ടർ ആശുപത്രിയിൽ നിലവിലുള്ള ഡോക്ടർമാരുടെ തസ്തികകൾ</u>

5601 ശ്രീ.എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ താലൂക്ക് ഹെഡ്ക്വാർട്ടർ ആശുപത്രിയിൽ എത്ര ഡോക്ടർമാരുടെ തസ്തികകളാണ് നിലവിലുളളത്; ഏതൊക്കെയെന്നു വ്യക്തമാക്കുമോ;

(ബി) ഇപ്പോൾ എത്ര ഡോക്ടർമാരാണ് അവിടെ സേവനമനുഷ്ഠിക്കുന്നത്;

(സി) ഏതെല്ലാം തസ്തികകളിൽ ഡോക്ടർമാർ ഇല്ല എന്നു വ്യക്തമാക്കാമോ;

(ഡി) ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ അടിയന്തരമായി നികത്തുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 02.07.2014-ലെ മറുപടിക്ക്

<u>അത്യാഹിത വിഭാഗം മെഡിക്കൽ ഓഫീസർ തസ്തിക</u>

5602 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർമാർ ഇല്ലാത്ത താലൂക്ക് ആശുപത്രികളുടെ കണക്ക് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) അവരുടെ തസ്തിക സൃഷ്ടിക്കുന്ന കാര്യത്തിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) മലപ്പുറം താലൂക്ക് ആശുപത്രിയിൽ എത്ര കാഷ്വാലിറ്റി മെഡിക്കൽ ആഫീസർമാരുടെ തസ്തികയാണ് സൃഷ്ടിക്കുന്നത്; ഇക്കാര്യത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ ?

# കേരള നിയമസഭ
# 02.07.2014-ലെ മറുപടിക്ക്

<u>സിവിൽ സർജൻമാരുടെ ഗ്രാമീണ സേവനം</u>

5603 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ആരോഗ്യ വകുപ്പിലെ സിവിൽ സർജൻമാർക്ക് ഗ്രാമീണ സേവനം എന്നത് നിർബന്ധമാക്കിയിട്ടുണ്ടോ; എങ്കിൽ ഈ ഉത്തരവിന്റെ വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 02.07.2014-ലെ മറുപടിക്ക്

**<u>കുന്നംകുളം മണ്ഡലത്തിലെ അസിസ്റ്റന്റ് സർജൻമാരുടെ തസ്തികകൾ</u>**

5604 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുന്നംകുളം മണ്ഡലത്തിലെ പഴഞ്ഞി - കോട്ടോൽ സി.എച്ച്.സി, എരുമപ്പെട്ടി സി.എച്ച്.സി എന്നിവിടങ്ങളിലും മറ്റു പി.എച്ച്.സികളിലുമായി എത്ര അസിസ്റ്റന്റ് സർജൻമാരുടെ തസ്തികകളാണ് ഒഴിഞ്ഞുകിടക്കുന്നത് :

